(ഇ) കര ഭൂമിയിലെ മണൽഖനനം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

(എഫ്) ബാധകമല്ല.

(ജി&എച്ച്) ബാധകമല്ല.

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മണലിന് നിയന്ത്രണവും നികുതിയും ഏർപ്പെടുത്താൻ നടപടി

12 (2768) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനത്ത് നിന്നും വരുന്ന മണലിന് നികുതി പിരിക്കുന്നതുവഴി എത്ര രൂപയുടെ വരവ് റവന്യൂ വകുപ്പിന് ബന്ധപ്പെട്ട അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) റവന്യൂ വകുപ്പ് നിയന്ത്രണമോ നികുതിയോ സെസ്സോ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ചെക്ക്പോസ്റ്റുകളിൽ മണലിന് എന്ത് തുകയുടെ ഏതു തരം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശങ്ങളില്ലാത്ത ഇത്തരം പിരിവ് നിർത്തലാക്കാൻ റവന്യൂ വകുപ്പ് അടിയന്തിര നിർദ്ദേശം നൽകുമോ ;

(സി) എല്ലാ സെയിൽടാക്സ് ചെക്ക്പോസ്റ്റുകളിലും മണൽപാസ് പരിശോധിക്കാൻ ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയോഗിക്കാനും ഇതുവഴി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ പിരിവ് നിർത്തി ഖജനാവിന് മുതൽക്കൂട്ടുണ്ടാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ചെക്ക്പോസ്റ്റുകൾ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഈ നിർദ്ദേശം പരിഗണിക്കാൻ റവന്യൂ വകുപ്പിന് ബുദ്ധിമുട്ടുണ്ട്.

(സി) നിർദ്ദേശം തൽക്കാലം റവന്യൂ വകുപ്പിന്റെ പരിഗണനയിലില്ല.

റവന്യൂ വകുപ്പിലെ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി

13 (2769) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലുള്ള ആഫീസുകളും കളക്ടറേറ്റുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ഇന്റർനെറ്റ് വഴി പരസ്പരം ബന്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) റവന്യൂ വകുപ്പിലെ വിവിധ ആഫീസുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 14 കളക്ടറേറ്റുകളും 63 താലൂക്ക് ഓഫീസുകളും ഇതിനകം കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എല്ലാ റവന്യൂ ഓഫീസുകളും ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കുന്നത് നയപരമായി തീരുമാനിക്കേണ്ട കാര്യമാണ്.

(സി) ഫയൽ തീർപ്പാക്കുന്നതിനായി ഫയൽ തീർപ്പാക്കൽ വാരം സംഘടിപ്പിക്കുകയും പരമാവധി ഫയലുകൾ തീർപ്പാക്കുകയും ചെയ്തു വരുന്നു. കൂടാതെ പ്രതിമാസ പ്രവൃത്തിപട്ടിക അവലോകനം നടത്തി ജില്ലാ കളക്ടർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നതിനാൽ ഫയൽ തീർപ്പാക്കലിന്റെ തോത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

റിക്കവറി നടപടികൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ഉത്തരവുകൾ

14 (2770) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നിതിനുശേഷം നാളിതുവരെ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ഖജനാവിലേയ്ക്ക് തുക ഈടാക്കുന്നതിനുള്ള റിക്കവറി നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ മൊത്തം എത്ര കോടി രൂപ ഈടാക്കാനുള്ള നടപടികളാണ് ഇത്തരത്തിൽ സ്റ്റേ ചെയ്തത് ;

(സി) അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കേസുകളിൽ സ്റ്റേ നൽകുകയോ തവണകളായി അടയ്ക്കുവാൻ അനുമതി നൽകുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള തുകകൾക്ക് പൂർണ്ണമായ സ്റ്റേ അനുവദിച്ചിട്ടില്ല. എന്നാൽ 825 കേസ്സുകളിൽ തുക ഒടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊടുക്കുകയും 4671 കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിതര കുടിശ്ശികയിനത്തിൽ 2961 കേസ്സുകളിൽ അടവ് കാലാവധി ദീർഘിപ്പിച്ചുകൊടുക്കുകയും 22974 കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly